IV. ശ്രദ്ധക്ഷണിക്കൽ

(1) വിദേശ ട്രോളറുകൾ സംസ്ഥാനത്ത് മൽസ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്ന ആവശ്യം

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, നമ്മുടെ സംസ്ഥാനത്തിലെ ലക്ഷക്കണക്കിന് പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഇന്ന് അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഈ സഭയുടേയും ഫിഷറീസ് വകുപ്പ് മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. ആഴക്കടൽ മൽസ്യബന്ധനം നടത്തുന്നതിന് ആയിരത്തോളം വിദേശ മൽസ്യബന്ധന കപ്പലുകൾക്ക് കേന്ദ്രഗവൺമെൻറ് ലൈസൻസ് നൽകിയിട്ടുണ്ട്. ആ വിദേശ ട്രോളറുകൾ ആഴക്കടലിൽ മൽസ്യബന്ധനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിൻെറ ഫലമായി പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിൽ ഏർപ്പെടുന്നതിനോ അവർക്കാവശ്യമായ മൽസ്യം ലഭിക്കുന്നതിനോ കഴിയാത്ത ഒരു അവസ്ഥാവിശേഷം കേരളത്തിൻെറ തീരപ്രദേശത്ത് ഉണ്ടായിരിക്കുകയാണ്. ഇതുമൂലം മൽസ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മൽസ്യത്തിൻെറ ലഭ്യത വളരെ കുറവാണ്. ഈ സമയങ്ങളിൽ വിദേശ ട്രോളറുകളുടെ മൽസ്യബന്ധനം കൂടിയായപ്പോൾ മൽസ്യം ലഭിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഇതുസംബന്ധിച്ച് പാർലമെൻറിൽ എത്രയോ സന്ദർഭങ്ങളിൽ ചർച്ച വന്നതാണ്. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെൻറുതന്നെ ഒരു കമ്മീഷനെ നിയോഗിക്കുകയും ആ കമ്മീഷൻ കേന്ദ്രഗവൺമെൻറിനു സമർപ്പിച്ച റിപ്പോർട്ടിൽ ആഴക്കടൽ മൽസ്യബന്ധനം പൂർണ്ണമായും നിരോധിക്കണമെന്നും വിദേശ ട്രോളറുകൾക്ക് നൽകിയിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ പത്രങ്ങളിലും വന്നിട്ടുണ്ട്. കേന്ദ്രഗവൺമെൻറിൻെറ ഈ നിലപാടിനെ കമ്മീഷൻ ശക്തിയായി വിമർശിച്ചിരിക്കുകയാണ്. ട്രോളറുകളുടെ മൽസ്യബന്ധനംമൂലം മൽസ്യസമ്പത്ത് നശിക്കുകയാണെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ മൽസ്യസമ്പത്ത് നശിക്കുന്നതിന് കാരണവും വിദേശ ട്രോളറുകളുടെ നിയന്ത്രണമില്ലാത്ത മൽസ്യബന്ധനമാണെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ചൂണ്ടിക്കാണിച്ചിട്ടും ലൈസൻസ് റദ്ദാക്കുന്നതിന് കേന്ദ്രഗവൺമെൻറ് മുന്നോട്ട് വന്നിട്ടില്ല. ലൈസൻസ് റദ്ദാക്കാൻ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് വകുപ്പുമന്ത്രി ഇടയ്ക്കിടക്ക് പറയാറുണ്ടെങ്കിലും ഒരു ലൈസൻസും റദ്ദാക്കിയിട്ടില്ല. ഇപ്പോഴും ഈ ട്രോളറുകളുടെ മൽസ്യബന്ധനം നിർബാധം തുടരുകയാണ്. ഇതിനെതിരായിട്ട് തീരദേശ സംസ്ഥാനങ്ങളിലെ മൽസ്യത്തൊഴിലാളികളുടെ സംഘടനകളും, കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും, ഐ. എൻ. ടി. യു. സി., സി. ഐ. ടി. യു., എ. ഐ. ടി. യു. സി., ബി. എം. എസ്., യു. ടി. യു. സി. തുടങ്ങിയ സംഘടനകളും ഫാദർ കേച്ചേരിയുടെ നേതൃത്വത്തിലുള്ള മൽസ്യത്തൊഴിലാളി ഫെഡറേഷനുമെല്ലാം ഒരുമിച്ച് ഒരു ദേശീയ തീരദേശ ബന്ദ് നടത്തി. എന്നിട്ടും കേന്ദ്രഗവൺമെൻറിൻെറ നിലപാടിന് മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഈ കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്, സംസ്ഥാന ഗവൺമെന്റിനു ഈ കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇന്നു നൽകിയിട്ടുള്ള ലൈസൻസ്യുകൾ റദ്ദ് ചെയ്യുന്നതിനും പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. മറെറാരു പ്രശ്നം വിദേശട്രോളറുകൾക്ക് ഒരു ലിറർ ഡീസൽ 2 രൂപ നിരക്കിൽ ഇന്ത്യാഗവൺമെന്റ് കൊടുക്കുകയാണ്. അതായത് 25 ശതമാനം വിലയ്ക്ക് കൊടുക്കണമെന്നാണ് വ്യവസ്ഥ. അങ്ങനെ രണ്ടു രൂപ നിരക്കിൽ അവർക്ക് നൽകുമ്പോൾ തദ്ദേശീയരായ മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കാതിരിക്കുക എന്ന സ്ഥിതിവിശേഷവുമുണ്ട്. ഇത് ക്രൂരമാണ്, രാജ്യദ്രോഹമാണ്. അതുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ യമഹ എഞ്ചിൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ കടുത്ത അനാസ്ഥയാണ് കാണിക്കുന്നത്. അവർക്കാവശ്യമായ മണ്ണെണ്ണ അനുവദിക്കാറില്ല. മുൻമന്ത്രി ശ്രീ. ടി. ച്ച്. മുസ്തഫയുടെ കാലത്തും ഇപ്പോഴത്തെ മന്ത്രി ശ്രീ. രാമചന്ദ്രൻമാസ്റററുടെ കാലത്തും ഈ സ്ഥിതിക്ക് വ്യത്യാസമില്ല. മൽസ്യത്തൊഴിലാളികളുടെ 20 മാസത്തെ പെൻഷൻതുക കുടിശ്ശികയാണ്. പെൻഷൻ ലഭിക്കുന്ന മൽസ്യത്തൊഴിലാളികളിൽ അധികവും 75-ഉം, 90-ഉം വയസ് പ്രായമുള്ളവരാണ്. ഇവർക്ക് ഉടനെ പെൻഷൻ നൽകുമെന്ന് കഴിഞ്ഞ ജനുവരി മാസത്തിൽ മന്ത്രി ഉറപ്പ് നൽകിയതാണ്. ഒറയാക്കും പെൻഷൻ നൽകിയിട്ടില്ല. പെൻഷൻ കുടിശ്ശിക പൂർണ്ണമായും നൽകുന്നതോടൊപ്പം പെൻഷൻ അതാത് മാസങ്ങളിൽത്തന്നെ നൽകാനുള്ള നടപടികളും സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളുടെ കോളനികളെല്ലാം. നേരത്തെ നിർമ്മിച്ചു കൊടുത്തവയാണ്. അവ ഇന്ന് ഉപയോഗശൂന്യമായിരിക്കുന്നു. അത്തരം വീടുകളിൽ ഇന്നു ജീവിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. വീടുകളുടെ അറകുറപ്പണികൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ശുദ്ധജലം ലഭ്യമാക്കുന്നതിനും, വീടുകൾ വൈദ്യുതീകരിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടാകണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നിർമ്മിച്ച ബീച്ചുകളിലേയ്ക്കുള്ള റോഡുകളുടെ സ്ഥിതിയും ശോചനീയമാണ്. ഈ റോഡുകൾ ഇന്ന് നാഥനില്ലാക്കളരിയായി മാറിയിരിക്കുകയാണ്. വല്ലപ്പോഴും മൽസ്യം ലഭിക്കുന്ന അവസരത്തിൽ മൽസ്യം കൊണ്ടുപോകുന്നതിനും, ചാകര വരുന്ന സമയങ്ങളിൽ മൽസ്യബന്ധനോപകരണങ്ങൾ കൊണ്ടുപോകാനുമാണ് പ്രധാനമായും ഈ റോഡുകൾ ഉപയോഗിക്കുന്നത്. വാഹനങ്ങൾ പോകാനും, ആളുകൾക്ക് സഞ്ചരിക്കാനും സാധിക്കുന്നില്ല. ഫിഷറീസ് വകുപ്പ് നിർമ്മിച്ച റോഡുകളുടെ പണിയും എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. പുനർനിർമ്മാണ പദ്ധതിയുടെ വേഗത വർദ്ധിപ്പിക്കാനും, അതിനാവശ്യമായ രീതിയിൽ പണം കണ്ടെത്താനുമുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ അടിയന്തിരമായി മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കേണ്ട ചില പ്രശ്നങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അത് പ്രാവർത്തികമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം.ടി. പത്മ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിദേശരാജ്യങ്ങളിലെ ട്രോളറുകൾക്ക് ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ (exclusive economic zone) മൽസ്യബന്ധനത്തിന് ലൈസൻസ് നൽകുന്നത് കേന്ദ്രസർക്കാരാണ്. വിദേശ ട്രോളറുകൾ അനിയന്ത്രിതമായി മൽസ്യബന്ധനത്തിലേർപ്പെട്ടാൽ അത് മൽസ്യത്തൊഴിലാളികളുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് ദോഷം ചെയ്യുമെന്ന് സംസ്ഥാന സർക്കാരിന് ബോദ്ധ്യമുണ്ട്. ആഴക്കടൽ മൽസ്യബന്ധന നയം പരിശോധിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മുരാരി കമ്മീഷനെ നിയോഗിക്കുകയും, കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ട്രോളറുകൾക്ക് നൽകിയിട്ടുള്ള ലൈസൻസുകൾ പൂർണ്ണമായും റദ്ദ് ചെയ്യണമെന്നാണ് മുരാരി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. മുരാരി കമ്മീഷൻ റിപ്പോർട്ട് എത്രയുംവേഗം അംഗീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മണ്ണെണ്ണയുടെ കാര്യവും മുരാരി കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പരമ്പരാഗത മൽസ്യ മേഖലയിലെ യാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിന് ഒൻപതിനായിരത്തി ഒരുനൂറ്റി ആറ് കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. 1995 ഒക്ടോബർ മാസം വരെ കേരളത്തിന് കേന്ദ്രത്തിൽ നിന്നും കിട്ടിയിട്ടുള്ള പ്രതിവർഷ കോട്ട 4,630 കിലോ ലിറ്റർ ആയിരുന്നു. 1995 നവംബർ മാസം മുതൽ പ്രതിവർഷ കോട്ട 5,547 കിലോ ലിറ്റർ ആയി ഉയർത്തിയിട്ടുണ്ട്. മണ്ണെണ്ണ കോട്ട ഇനിയും കൂടുതൽ ഉയർത്തുന്നതിനായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നുണ്ട്. മൽസ്യത്തൊഴിലാളികൾക്ക് 20 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാനുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. പതിനാറു മാസത്തെ പെൻഷൻ കുടിശ്ശിക മാത്രമേയുള്ളൂ. അഞ്ചുമാസത്തെ പെൻഷൻ ഈ മാസം അവസാനത്തോടുകൂടി കൊടുക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്. 1994 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ കൊടുത്തുകഴിഞ്ഞു. 1995 മാർച്ച് വരെയുള്ള കുടിശ്ശിക കൊടുക്കുന്നതിനായി 111 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ കൊടുത്തു തീർക്കുന്നതാണ്. വീടുകളുടെ അറ്റകുറ്റപ്പണിയും, അർഹരായിട്ടുള്ള മൽസ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയും, പൂർത്തിയായിട്ടുണ്ട്. നാഷണൽ ഫിഷർമെൻ വെൽഫയർ, ഫണ്ട് സ്കീം പ്രകാരമുള്ള വീടുകൾക്ക് 35,000 രൂപ വീതം കൊടുക്കണം. അതിനുവേണ്ടി പത്താം ധനകാര്യ കമ്മീഷനിൽനിന്നും 50 കോടി രൂപ നമുക്ക് ലഭ്യമാക്കും. അതിൽ 30 കോടി രൂപ മൽസ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, ശുദ്ധജലം ലഭ്യമാക്കുന്നതിനും ചെലവഴിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. തീരദേശ വികസന അതോറിറ്റി വരുന്നതോടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാകും. ഈ പ്രശ്നം പരിഹരിക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ട് അതോറിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: കുടിശ്ശിക പെൻഷൻ കൃത്യമായി എന്ന് കൊടുക്കും? ഞങ്ങളുടെ പ്രദേശത്ത് 20 മാസത്തെ പെൻഷൻ കിട്ടാനുണ്ട്; ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് 16 മാസത്തെ പെൻഷൻ മാത്രമേയുള്ളൂ എന്നാണ്. നാലുമാസത്തെ തർക്കം ഇതിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. അതു പരിശോധിക്കണം. ഫിഷറീസ് റോഡിന്റെ പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷം തന്നെ ഏറ്റെടുത്തു നടത്തുമോ എന്നുള്ളതുകൂടി വ്യക്തമാക്കണം.

ശ്രീമതി എം. ടി. പത്മ: റോഡിന്റെ പ്രവർത്തനം ഏപ്രിൽ മാസം മുതൽ തുടങ്ങാനേ സാധിക്കുകയുള്ളൂ. ഈ മാസം അവസാനത്തോടുകൂടി അഞ്ചുമാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(2) സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി ശോഭനാ ജോർജ്ജ്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവകലാശാലക്ക് രൂപം നൽകണമെന്ന ആവശ്യത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വൈദ്യശാസ്ത്രരംഗം പ്രധാനമായും അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ ശാഖകളായിതരം തിരിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവും അവസാനം ആരംഭിച്ച കണ്ണൂർ മെഡിക്കൽ കോളേജും, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളുമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആയുർവേദ കോളേജ് (5), ഹോമിയോ കോളേജ് (2), ഡന്തൽ കോളേജ്, ഫാർമസി കോളേജ്, മെഡിക്കൽ ലബോറട്ടറി കോഴ്സുകൾ, പ്രകൃതി ചികിൽസാ പഠനം തുടങ്ങി വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ധാരാളം കോളേജുകളും ഇൻസ്റ്റിറ്റ്യൂഷനുകളും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ കോളേജുകളും, ഇൻസ്റ്റിറ്റ്യൂഷനുകളുമെല്ലാം തന്നെ വിവിധ സർവകലാശാലകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലെ അക്കാഡമിക് സംവിധാനങ്ങളെല്ലാം വിവിധ നിലകളിലും, തലങ്ങളിലുമാണ്. സിലബസുകൾ, പരീക്ഷാ നടത്തിപ്പുകൾ, പ്രവേശനം എന്നിവയിലൊന്നും യൂണിഫോമിറ്റിയില്ല. ഉദാഹരണത്തിന് നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവേശനം ഒരേ സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ് നടത്തുന്നതെങ്കിലും പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലാണ് നടക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ പരീക്ഷാ നടത്തിപ്പിനും, ഫലപ്രഖ്യാപനത്തിനും ഒരു ഏകീകൃത സ്വഭാവമില്ല എന്നുമാത്രമല്ല; പരീക്ഷാ നടത്തിപ്പിനെയും, ഫലപ്രഖ്യാപനത്തെയും സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളും നിലവിലുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ ഗൗരവമായി കാണേണ്ടതാണ്. ഒരേ സമയത്ത് പ്രവേശനം ലഭിച്ച മെഡിക്കൽ വിദ്യാർത്ഥികൾ ബിരുദം സമ്പാദിക്കുന്നത് പല സമയങ്ങളിലാകുന്നതുമൂലം തുടർവിദ്യാഭ്യാസത്തിന് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. സിലബസ്, പരീക്ഷാ സമ്പ്രദായം എന്നിവയിലുള്ള വ്യത്യാസംകൊണ്ട് പാസ്സായിവരുന്ന കുട്ടികളുടെ റാങ്ക് നിർണ്ണയം, തുടർന്നുള്ള നിയമനങ്ങൾ ഇവയിലെല്ലാംതന്നെ അനവധി പ്രശ്നങ്ങൾ വിദ്യാർത്ഥികൾ നേരിടുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ രാജ്യത്തിന് എന്നും മാതൃക കാട്ടിക്കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. ആന്ധ്രാ പ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly